(ദേശീയഗാനാലാപനത്തോടെ സഭാനടപടികൾ ആരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ഒരു പ്രത്യേക സാഹചര്യത്തിലാണ് നിയമസഭയുടെ പ്രത്യേക സമ്മേളനം ചേരേണ്ടിവന്നത്. അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയവുമായി ബന്ധപ്പെട്ട് നിയമസഭ പാസ്സാക്കേണ്ട ഒരു പ്രമേയത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ് ഇന്ന് പ്രത്യേക സഭാസമ്മേളനം ചേരുന്നത്. ഭരണഘടനയുടെ അനുച്ഛേദം 368 പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ...(ബഹളം)... കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയ ഒരു നിയമത്തിനെതിരായി സുപ്രീം കോടതിയിൽ കേസ് പെൻഡിംഗായിട്ടുള്ള സാഹചര്യത്തിൽ, നിയമവിരുദ്ധമായിട്ടുള്ള ... (ബഹളം)... ചർച്ച ചെയ്യുന്നത് നിയമവിരുദ്ധമാണ്. അത് കോൺസ്റ്റിറ്റ്യൂഷന് യോജിക്കുന്നതല്ല. അതുകൊണ്ട് ആ വിഷയം ചർച്ച ചെയ്യരുത് എന്നതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ദയവായി അങ്ങ് ഇരിക്കൂ. അങ്ങ് പറയുന്നതുപോലെയല്ല. ഇത് സ്റ്റാറ്റ്യൂട്ടറിയായി ചെയ്യേണ്ട കാര്യമാണ്.

## സ്റ്റാറ്റ്യൂട്ടറി പ്രമേയം

എസ്.സി./എസ്.റ്റി. സംവരണ കാലാവധി നീട്ടുന്നത് സംബന്ധിച്ച്

Chief Minister (Shri Pinarayi Vijayan): Sir, I move "That this House ratifies the amendments to the Constitution of India falling within the purview of clause(d) of proviso to clause (2) of article 368, proposed to be made by the Constitution (One Hundred and Twenty-sixth Amendment) Bill, 2019, as passed by both the Houses of Parliament" എന്ന പ്രമേയം ഞാൻ അവതിരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നമ്മുടെ രാജ്യത്ത് പട്ടികജാതി-പട്ടികവിഭാഗങ്ങളിൽപ്പെട്ടവർക്ക് നിയമനിർമ്മാണങ്ങളിലും സർക്കാർ സർവ്വീസുകളിലും മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനാണ് ഭരണഘടനയിൽ പ്രത്യേക പ്രാതിനിധ്യത്തിനുള്ള അനുച്ഛേദങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. നൂറ്റാണ്ടുകളുടെ പഴക്കമുള്ള

ജാതിവ്യവസ്ഥയും അതിന്റെ ഭാഗമായ സാമൂഹ്യ ഉച്ചനീചത്വവും കൊടികുത്തിവാണിരുന്ന നമ്മുടെ സമൂഹത്തിൽ പിന്തള്ളപ്പെട്ട വിഭാഗങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് അനിവാര്യമായ നടപടിയാണ് പ്രത്യേക പ്രാതിനിധ്യം. നമ്മുടെ സാമൂഹ്യസ്ഥിതിയിൽ ഏറെ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും ഇന്നും ജാതിവ്യവസ്ഥയുടെ ജീർണ്ണിച്ച അംശങ്ങൾ പല തട്ടിലും നിലനിൽക്കുന്നുവെന്നത് വസ്തുതയാണ്. രാജ്യത്തിന്റെ പല ഭാഗങ്ങളിലെ ഗ്രാമങ്ങളിലും ഇപ്പോഴും ആവാസവ്യവസ്ഥയിൽപ്പോലും ജാതി മുഖ്യഘടകമാണ്. ജനങ്ങളെ വേർതിരിക്കുന്ന ജാതിമതിൽ സ്വാതന്ത്ര്യം പ്രാപിച്ച് ഏഴ് ദശകങ്ങൾക്കുശേഷവും നിലനിൽക്കുന്നുവെന്ന ദൗർഭാഗ്യകരമായ അവസ്ഥയാണ് നമ്മുടെ സമൂഹത്തിലുള്ളത്. നവോത്ഥാന പ്രസ്ഥാനങ്ങളുടെ പാരമ്പര്യമുള്ള കേരളത്തിൽ ഒരുപക്ഷേ പുതുതലമുറയ്ക്ക് ഇത് ആശ്ചര്യമായിത്തോന്നാം. തൊട്ടുകൂടായ്മയും കാണായ്മയും ഈ സമൂഹത്തിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ പൂർവ്വാർത്ഥത്തിൽപ്പോലും നിലനിന്നിരുന്നു. എന്നാൽ ജനകീയ പ്രസ്ഥാനങ്ങൾ പൊതുമണ്ഡലത്തിൽ നടത്തിയ ശക്തമായ ഇടപെടലുകളാണ് ഇത്തരം അനാചാരങ്ങളെ ചരിത്രത്തിന്റെ ചവറ്റുകുട്ടയിലാക്കിയത്. വിദ്യാഭ്യാസപരമായി ദീർഘകാലം

പിന്നോക്കാവസ്ഥ അനുഭവിച്ച വിഭാഗങ്ങൾക്ക് ഭരണഘടന വാഗ്ദാനം ചെയ്യുന്ന സാമൂഹ്യ-സാമ്പത്തിക നീതി ലഭ്യമാകണമെങ്കിൽ എല്ലാ തലങ്ങളിലും മതിയായ പ്രാതിനിധ്യം പ്രത്യേകമായി ഉറപ്പുവരുത്തേണ്ടത് തുടർ ആവശ്യമാണ്. അതിന്റെ ഭാഗമായാണ് ഈ ഭരണഘടനാ ഭേദഗതി പാസ്സാക്കുന്നതിന്റെ ആവശ്യം ഉയർന്നുവന്നിരിക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാന്യനായ അംഗം ഒ. രാജഗോപാലിനും അഭിപ്രായവ്യത്യാസമൊന്നും ഉണ്ടാകില്ലെന്നാണ് തോന്നുന്നത്. അങ്ങ് പറഞ്ഞതുപോലെ അദ്ദേഹം തെറ്റിദ്ധരിച്ചാണ് ഈ അവതരണത്തെ എതിർത്തതെന്നാണ് എനിക്ക് തോന്നുന്നത്. ഇത് നമുക്ക് ഐകകണ്ഠ്യേന പാസ്സാക്കാൻ കഴിയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പട്ടികജാതി-പട്ടികവർഗ്ഗ സംവരണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രമേയത്തിന് ഈ സഭ ഐകകണ്ഠ്യേന പിന്തുണ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചിരിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇന്ത്യൻ ഭരണഘടനയുടെ ചർച്ച കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ നടന്നപ്പോൾ

അന്ന് ഏറ്റവും പ്രധാനമായി പരാമർശിക്കപ്പെടുകയും ചർച്ച ചെയ്യുകയും ചെയ്ത ഒരു കാര്യമാണിത്. നൂറ്റാണ്ടുകളായി അടിമത്വത്തിൽ കിടന്ന, സാമൂഹ്യമായ അനീതി അനുഭവിച്ചുവന്നിരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മറ്റുള്ളവരുമായി മത്സരിച്ച് പാർലമെന്റിലോ ലോക്സഭയിലോ വരാൻ കഴിയാത്ത അവസ്ഥയുണ്ടെന്ന് കണ്ടുകൊണ്ടാണ് മഹാനായ ഡോ. ബി. ആർ. അംബേദ്കർ ഈ അനുച്ഛേദം മൂവ് ചെയ്തത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും പ്രത്യേകമായ സീറ്റുകൾ സംവരണം ചെയ്തുകൊണ്ടുള്ള നടപടി അങ്ങനെയാണുണ്ടായത്. നമ്മുടെ രാജ്യത്ത് ഇപ്പോഴും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹിക്കുന്ന നീതി ലഭിക്കുന്നില്ലെന്നത് വസ്തുതയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഇപ്പോഴും അവർ നേരിടുന്ന പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. അവർക്ക് സാമൂഹ്യനീതി ഉറപ്പുവരുത്താനുള്ള നടപടികൾ ഉണ്ടായിട്ടില്ലെന്നുള്ളത് സമൂഹത്തിന്റെ ഒരു വലിയ ദുരന്തമായിത്തന്നെ നമുക്ക് കാണാൻ കഴിയുന്ന കാര്യമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലുമുള്ള സംവരണം നീട്ടുന്നതിന് ആറ് തവണ ഭരണഘടന

ഭേദഗതി ചെയ്തിട്ടുണ്ട്. 1959-ൽ എട്ടാം ഭരണഘടന ഭേദഗതി ബിൽ, 1969-ൽ 23-ാം ഭരണഘടന ഭേദഗതി ബിൽ, 1980-ൽ 45-ാം ഭരണഘടന ഭേദഗതി ബിൽ, 1990-ൽ 62-ാം ഭരണഘടന ഭേദഗതി ബിൽ, 2000-ൽ 79-ാം ഭരണഘടന ഭേദഗതി ബിൽ, 2009-ൽ 109-ാം ഭരണഘടന ഭേദഗതി ബിൽ. മേൽപ്പറഞ്ഞ ഭരണഘടനാ ഭേദഗതി ബില്ലുകളിലൂടെ ലോക്സഭയിലെയും സംസ്ഥാന നിയമസഭകളിലെയും ആംഗ്ലോ-ഇന്ത്യൻ സമുദായത്തിനുള്ള സംവരണവും പത്ത് വർഷത്തേയ്ക്ക് വീതം നീട്ടിനൽകിയിരുന്നു. മേൽപ്പറഞ്ഞ ഭേദഗതി ബില്ലുകളിൽ മൂന്ന് ഭേദഗതി ബില്ലുകളാണ് കേരള നിയമസഭ സാധൂകരിച്ചിട്ടുള്ളത്. 22-02-1980-ൽ 45-ാം ഭരണഘടന ഭേദഗതി ബില്ലും 23-01-1990-ൽ 62-ാം ഭരണഘടന ഭേദഗതി ബില്ലും 29-12-2009-ൽ 109-ാം ഭരണഘടന ഭേദഗതി ബില്ലും ഈ നിയമസഭ ചർച്ചകൂടാതെ തന്നെ സാധൂകരിച്ചിട്ടുള്ളതാണ്. ഇതിൽ 1980-ലും 1990-ലും സാധൂകരിക്കുന്നതിനുള്ള പ്രമേയം സഭ ചർച്ച ചെയ്താണ് പാസ്സാക്കിയത്. 109-ാം ഭരണഘടനാ ഭേദഗതി ബിൽ സാധൂകരിക്കുന്നതിനായി 12-ാം കേരള നിയമസഭയിൽ 29-12-2009-ൽ ഒരു ദിവസത്തെ പ്രത്യേക സമ്മേളനം ചേരുകയും നാല് മിനിട്ടുകൊണ്ട്

പ്രമേയം ചർച്ച കൂടാതെ പാസ്സാക്കുകയും ചെയ്തു. ഈ സഭ സാധൂകരിക്കുന്ന 126-ാം ഭരണഘടന ഭേദഗതി ബിൽ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടവർക്കുള്ള സംവരണം 26-01-2030 വരെ നീട്ടുന്നുണ്ടെങ്കിലും ആംഗ്ലോ-ഇന്ത്യൻ സംവരണം 26-01-2020-ൽ അവസാനിക്കുന്ന നിബന്ധനയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത ഭേദഗതി നിയമം സഭ റാറ്റിഫൈ ചെയ്യുന്നതോടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലോക്സഭയിലും സംസ്ഥാന നിയമസഭകളിലുമുള്ള സംവരണം പത്ത് വർഷം നീട്ടിനൽകുന്നുണ്ടെങ്കിലും ആംഗ്ലോ-ഇന്ത്യൻ സമുദായങ്ങൾക്ക് സംവരണം നീട്ടിനൽകുന്നില്ലെന്ന് പറയുന്നത് വളരെ തെറ്റായ ഒരു കാര്യമാണ്. അത് അവരോടുള്ള അനീതിയാണ്. ആ വിഷയം ഇന്നിവിടെ വരുന്നുണ്ടെന്ന് എനിക്കറിയാം. ആംഗ്ലോ ഇന്ത്യൻ സമുദായത്തിലാകെ 200 കുടുംബങ്ങളേയുള്ളൂവെന്നാണ് ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ലോക്സഭയിൽ പ്രഖ്യാപിച്ചത്. അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. ആയിരക്കണക്കിനാളുകൾ കേരളത്തിലും ബംഗളൂരുവിലും ഛത്തീസ്ഗഡിലും മുംബൈയിലും ഗോവയിലും മറ്റ് സംസ്ഥാനങ്ങളിലുമുണ്ട്. അവർക്കുവേണ്ടി പ്രത്യേകമായി സംവരണം

ചെയ്തിരിക്കുന്ന അവകാശം ഇല്ലാതാകുന്നു. Nominated Members from the Anglo-Indian community എന്നത് ഇല്ലാതാകുന്നത് തെറ്റായ ഒരു കാര്യമാണ്. ഇന്നിവിടെ ആ പ്രമേയം വരുന്നുണ്ടെന്നറിയാം. അന്നേരം കൂടുതൽ കാര്യങ്ങൾ സംസാരിക്കാം. ഈ സഭയിൽ ആരും ഇതിനെ എതിർക്കുന്നില്ലെന്നതാണ് വസ്തുത. നമ്മുടെ രാജ്യത്തെ ഇനിയും നീതി ലഭിക്കാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നീതി ഉറപ്പാക്കാനുള്ള ഈ നടപടി സ്വാഗതാർഹമാണെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് ഈ സ്റ്റാറ്റ്യൂട്ടറി പ്രമേയത്തിന് ഒരു ഭേദഗതി നോട്ടീസ് നൽകിയിട്ടുണ്ട്. സാധാരണ ഗതിയിൽ സ്റ്റാറ്റ്യൂട്ടറി പ്രമേയങ്ങൾക്കുള്ള ഭേദഗതികൾ സർക്കുലേറ്റ് ചെയ്യാറില്ല. എന്നാലും അങ്ങേയ്ക്ക് രണ്ടുവാക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഈ പ്രമേയത്തിന് ഞാൻ ഒരു ഭേദഗതി നോട്ടീസ് നൽകിയിരുന്നു. M. N. Kaul & Shakdher-ന്റെ "Practice & Procedure of Parliament " - ലെ പേജ് നം.728 -ൽ " The procedure regarding admission of a Statutory Resolution, moving of amendments thereto and its disposal is the same as for other

resolutions". അതിന് സമാനമായാണ് ഇതും പരിഗണിക്കേണ്ടത്. ഞാൻ നൽകിയ നോട്ടീസ് എന്റെ അവകാശമാണ്. അത് സർക്കുലേറ്റ് ചെയ്യേണ്ടതായിരുന്നു. Nipping in the bud, അത് ശരിയായില്ല. അങ്ങേയ്ക്ക് തീരുമാനമെടുക്കാം. അങ്ങേയ്ക്ക് നിരാകരിക്കാം.

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് സംസാരിക്കാൻ അനുവാദം തന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ മൂവ് ചെയ്ത അമെന്റ്മെന്റ് സർക്കുലേറ്റ് ചെയ്ത് അതിലെ കാര്യങ്ങൾ അംഗങ്ങൾ അറിയേണ്ടതാണ്. എന്റെ അവകാശ നിഷേധമാണ്. ഞാൻ മൂവ് ചെയ്തത് not in consistent with the resolution ആണ്. അനുയോജ്യമാണ് അത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയാതെപോയതും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുമായ കാര്യമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. പ്രമേയത്തിന്റെ അവസാന ഭാഗത്തിൽ After the words "as passed by the Houses of Parliament" add the following:- And this House also expresses our deep, anguish, concern and protest in not extending the period of representation of Anglo-Indian Community in the House of People and in the Legislative Assemblies of the States from seventy years to

eighty years. വേറെ ഒരു പ്രമേയം വരുന്നുണ്ട്. ആ പ്രമേയം ഞാൻ അവതരിപ്പിച്ചിട്ടും ഇവിടെ സർക്കുലേറ്റ് ചെയ്യാത്തത് തെറ്റായിപ്പോയി. അത് എന്റെ അവകാശമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചതിനോട് യോജിക്കുകയാണ്. ആർക്കും വിയോജിപ്പില്ല. എന്റെ അഭിപ്രായത്തിൽ പ്രമേയത്തിന്റെ ഭാഗമായിത്തന്നെ ഇത് വരേണ്ടതായിരുന്നു. കാരണം ആംഗ്ലോ-ഇന്ത്യൻ കമ്മ്യൂണിറ്റിക്കുള്ള സംവരണം നീട്ടികൊടുക്കുന്നതിനെ നമ്മൾ അനുകൂലിക്കുന്നവരാണ്. അതുകൊണ്ട് എന്റെ നിർദ്ദേശം, പ്രമേയത്തിന്റെ ഭാഗമായി എന്റെ അമെന്റ്മെന്റുകൂടി അംഗീകരിക്കണമെന്നതാണ്.

<u>മി. സ്പീക്കർ</u>: അങ്ങയുടെ ഭേദഗതിയുടെ സ്പിരിറ്റ് ഉൾപ്പെടുത്തുന്ന ഒരു പ്രത്യേക പ്രമേയം സഭ പരിഗണിക്കുന്നുണ്ട്. സാധാരണഗതിയിൽ സ്റ്റാറ്റ്യൂട്ടറി പ്രമേയങ്ങൾക്ക് അത്തരം ഭേദഗതികൾ കൊണ്ടുവരുന്നതോ സർക്കുലേറ്റ് ചെയ്യുന്നതോ ആയ രീതി സഭയുടെ കീഴ്വഴക്കത്തിലില്ല. അതുകൊണ്ട് അങ്ങയുടെ ഭേദഗതിയുടെ സ്പിരിറ്റ് പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഒരു പ്രത്യേക പ്രമേയം തന്നെ ഗവൺമെന്റ് കൊണ്ടുവരുന്ന സാഹചര്യത്തിൽ ഇത് പ്രയാസകരമാണെന്ന് അങ്ങ് മനസ്സിലാക്കണം. അംഗീകരിക്കാൻ

കഴിയില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, 1975 ജൂലൈ 30-ാം തീയതി ഈ സഭയിൽ വന്ന കോൺസ്റ്റിറ്റ്യൂഷൻ 39-ാമത് അമെന്റ്മെന്റ് ബില്ലിൽ, റെസല്യൂഷനെതിരായി ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് അമെന്റ്മെന്റ് മൂവ് ചെയ്തിരുന്നു. "Mr. Speaker: Shri E. M. Sankaran Nambudiripad has given notice of an amendment. It seeks to substitute the resolution by another resolution. Hence not in order. Even otherwise, the scope for amendment to a resolution of this nature is extremely limited." എന്തുമാകട്ടെ, അങ്ങേയ്ക്ക് അധികാരമുണ്ട്. അന്ന് നടത്തിയ കീഴ്വഴക്കം സഭയിലുണ്ട്. സ്റ്റാറ്റ്യൂട്ടറി പ്രമേയം മറ്റ് പ്രമേയങ്ങൾക്ക് അനുകൂലമാണ്. അതിലെ അമെന്റ്മെന്റ് അനുയോജ്യമാണ്. ചട്ടങ്ങൾ നോക്കാതെ നിയമസഭാ സെക്രട്ടേറിയറ്റ് എന്റെ ഭേദഗതിയെ നിരാകരിച്ചത് ശരിയായില്ല, അതിലുള്ള എതിർപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

<u>മി. സ്പീക്കർ</u>: അങ്ങയുടെ ഭേദഗതിയുടെ ഉള്ളടക്കത്തെ ഉൾക്കൊണ്ടുകൊണ്ട് ഒരു പ്രത്യേക പ്രമേയം തന്നെ സഭയിൽ വരുന്ന പശ്ചാത്തലത്തിലാണ് അത് അനുവദിക്കാതിരുന്നത്. അത് അങ്ങ് ദയവായി

മനസ്സിലാക്കണം. അങ്ങ് സഭയിൽ ഉന്നയിച്ചുവെങ്കിലും അനുവദിക്കാൻ നിർവ്വാഹമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അത് സർക്കുലേറ്റ് ചെയ്യണമായിരുന്നു. ഒരു അംഗം നൽകുന്ന ഭേദഗതി for the knowledge of the House should have been circulated.

മി. സ്പീക്കർ: സ്റ്റാറ്റ്യൂട്ടറി പ്രമേയത്തിന് അങ്ങനെ ഒരു പതിവുണ്ടായിരുന്നില്ല. അതുകൊണ്ടാണ് അദ്ദേഹത്തിന് സംസാരിക്കാൻ അവസരം നൽകിയത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെയല്ല. ഈ പ്രമേയത്തിലുള്ള ഒരു വാചകം പോലും മാറ്റാൻ നമുക്ക് കഴിയില്ല. കേന്ദ്ര ഗവൺമെന്റിൽ നിന്ന് പ്രമേയത്തിന്റെ ഉള്ളടക്കം എന്തായിരിക്കണം എന്നതിനെ സംബന്ധിച്ച് വ്യക്തമായി സൂചിപ്പിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഓഫീസിൽ കത്ത് നൽകിയിട്ടുണ്ട്. If we suggested that the proposed resolution may be on the following lines:- "That this House ratifies

the amendments to the Constitution of India falling within the purview of clause(d) of proviso to clause (2) of article 368, proposed to be made by the Constitution (One Hundred and Twenty-sixth Amendment) Bill, 2019, as passed by both the Houses of Parliament". അതിൽ quote ചെയ്തിട്ടുള്ളതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത്. അതിൽ ഒരു മാറ്റവും വരുത്താൻ നമുക്ക് സാധിക്കില്ല. ഇത് സാധാരണ നിലയിലുള്ള പ്രമേയം അല്ല.

മി. സ്പീക്കർ: ദയവായി മനസ്സിലാക്കുക, അനുകൂലിക്കുന്നതിനെ അനുകൂലിക്കുകയും എതിർക്കുന്നതിനെ എതിർക്കുകയും ചെയ്യുകയെന്ന നല്ല ഉദ്ദേശ്യം മാത്രമേ ഇതിൽ ഉണ്ടായിരുന്നുള്ളൂ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിന് മറ്റൊരു വശംകൂടിയുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഈ പ്രമേയം സഭയ്ക്ക് ഐകകണ്ഠ്യേന അംഗീകരിക്കാൻ കഴിയും. എന്നാൽ സഭ തുടങ്ങിയപ്പോൾ തന്നെ കണ്ടല്ലോ, ശ്രീ. ഒ. രാജഗോപാൽ എഴുന്നേറ്റ് നിന്നത്. ഏത് കാര്യത്തിലും യോജിപ്പുണ്ടാകുന്ന കാര്യത്തിൽ യോജിപ്പാണ് നല്ലത്. നമ്മൾ ആരെയും ഭിന്നിപ്പിക്കാൻ നിൽക്കുകയല്ല. പട്ടികജാതി വിഭാഗത്തിന്

സംവരണം കൊടുക്കുന്നതിൽ നമുക്ക് വിയോജിപ്പ് ഇല്ല. മറ്റാരെങ്കിലും യോജിച്ചാൽ അബദ്ധത്തിലായിപ്പോകുമെന്ന ധാരണ വേണ്ട. യോജിപ്പ് എന്ന് കേൾക്കുമ്പോൾ തന്നെ വേവലാതിപ്പെടുന്നവരുണ്ടെന്ന് എനിക്കറിയാം. അതല്ല നമ്മൾ ആലോചിക്കേണ്ടത്, കഴിയുന്നത്ര യോജിപ്പ് വളർത്തിയെടുക്കുന്നതിനാണ്. ഈ പ്രമേയത്തിന്റെ കാര്യത്തിൽ നമുക്ക് യോജിച്ച് അംഗീകരിക്കാനാവണം. കേരള നിയമസഭ അതിൽ നിന്ന് വ്യത്യസ്തമായ നിലപാടെടുത്തുവെന്ന് വരാൻ പാടില്ല. മാത്രമല്ല ഇത്തരമൊരു പ്രമേയം ഒരു വ്യവസ്ഥയോടെ അംഗീകരിക്കുന്നത് ശരിയല്ല. അമെന്റ്മെന്റ് വന്നാൽ വ്യവസ്ഥയാണ് വരുന്നത്. അങ്ങനെയൊരു വ്യവസ്ഥയും ഉണ്ടാക്കുന്നത് ശരിയല്ല. അതുകൊണ്ട് ഇതേ രീതിയിൽ തന്നെ നമ്മൾ എല്ലാവരും അംഗീകരിക്കുന്നതാണ് ഉത്തമമായിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: അതാണ് നേരത്തെ ഞാൻ പറഞ്ഞത്, സഭ അനുകൂലിക്കേണ്ടത് എല്ലാവരും ചേർന്ന് അനുകൂലിക്കുകയും എതിർക്കേണ്ടത് ശക്തമായി എതിർക്കുകയും ചെയ്യുക. രണ്ടും രണ്ട് നിലയിൽ കാണണമെന്നുള്ളതുകൊണ്ടാണ് ആ നിലപാട് സ്വീകരിച്ചത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച സ്റ്റാറ്റ്യൂട്ടറി പ്രമേയം

അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

സ്റ്റാറ്റ്യൂട്ടറി പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.